**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-2013 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയ 72 ബയോഗ്യാസ് പ്ലാന്റുകൾക്ക് പകരം 76 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 3031 /2016/തസ്വഭവ തിരുവനന്തപുരം, തീയതി 05.11.2016

---

പരാമർശം - ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.10.2016 -ലെ 1471/സി1/ 12 /എസ്.എം.നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-2013 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6500 രൂപ യൂണിറ്റ് നിരക്കിൽ 72 ബയോഗ്യാസ് പ്ലാന്റുകളും 800 രൂപ നിരക്കിൽ 36 മണ്ണിര കമ്പോസ്റ്റുകളും സ്ഥാപിക്കുന്നതിന് ആകെ 4,96,600/- രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് താന്ന്യം ഗ്രാമ പഞ്ചായത്തിന് ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയിരുന്നുവെന്നും എന്നാൽ ഗ്രാമ പഞ്ചായത്ത്, മണ്ണിര കമ്പോസ്റ്റിന് ആവശ്യക്കാരില്ലാത്തതിനാൽ ആയത് നടപ്പിലാക്കാതെ 72 പ്ലാന്റുകൾക്ക് പകരം സാങ്കേതിക അനുമതി വ്യതിചലിച്ച് 76 ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചുവെന്നും ഇതിൽ 6500/- രൂപ നിരക്കിൽ അധികമായി നിർമ്മിച്ച 4 ബയോഗ്യാസ് പ്ലാന്റുകൾക്ക് സാധൂകരണം നൽകാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ താന്ന്യം ഗ്രാമ പഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-2013 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ മിഷൻ സാങ്കേതിക അനുമതി നൽകിയ 6500 രൂപ യൂണിറ്റ് നിരക്കിൽ 72 ബയോഗ്യാസ് പ്ലാന്റുകളും 800 രൂപ നിരക്കിൽ 36 മണ്ണിര കമ്പോസ്റ്റുകളും സ്ഥാപിക്കുന്ന പദ്ധതിക്ക് പകരം, സാങ്കേതിക അനുമതിയിൽ നിന്ന് വ്യതിചലിച്ച് 6500

രൂപ യൂണിറ്റ് നിരക്കുള്ള 4 ബയോഗ്യാസ് പ്ലാന്റുകൾ അധികമായി സ്ഥാപിച്ചതുൾപ്പെടെ ആകെ 76 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ഡി സന്തോഷ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, താന്ന്യം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ